## പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം : 4007** **16.12.2014 ൽ മറുപടിയ്ക്ക്**

### സൗരഗൃഹ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.കോലിയക്കോട് എൻ. കൃഷ്ണൻ നായർ** | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ) സൗരഗൃഹ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; പ്രസ്തുത പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ; | (എ) അനെർട്ടിന്റെ ആഭിമുഖ്യത്തിൽ പതിനായിരം വീടുകളിൽ ഒരു കിലോവാട്ട് വീതം ശേഷിയുള്ള സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനായുള്ള സൗരഗൃഹ പദ്ധതി പുരോഗമിച്ചു വരുന്നു. നാളിതുവരെയായി 6700-ഓളം വീടുകളിൽ പ്രസ്തുത പവർ പ്ലാന്റുകൾ സ്ഥാപിച്ചു കഴിഞ്ഞു. ശേഷിക്കുന്ന പ്ലാന്റുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. |
| (ബി) പ്രസ്തുത പദ്ധതി സ്ഥാപിക്കുന്നതിന് പൊതുജനങ്ങൾ എന്തൊക്കെയാണ് ചെയ്യേണ്ടതെന്ന് വിശദീകരിക്കുമോ; | (ബി) പ്രസ്തുത പദ്ധതിക്കായുള്ള അപേക്ഷ അനെർട്ടിന്റെ വെബ്സൈറ്റിൽ ലഭ്യമാക്കിയിട്ടുണ്ട്. അപേക്ഷ പൂരിപ്പിച്ച് ഡയറക്ടറുടെ പേരിൽ മാറാവുന്ന 500/- രൂപ ഡി.ഡി.യോടൊപ്പം അപേക്ഷിക്കുന്ന ആളിന്റെ ഫോട്ടോ പ്രൂഫ് ഐഡിയുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പിനോടും, ഇലക്ട്രിസിറ്റി ബില്ലിന്റെ കോപ്പിയോടുമൊപ്പം അപേക്ഷിക്കാവുന്നതാണ്. |
| (സി) പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നവർക്ക് എന്തെങ്കിലും ധനസഹായം നല്കുന്നുണ്ടോ; വിശദമാക്കാമോ; | (സി) പ്രസ്തുത പദ്ധതിയ്ക്കായി പ്ലാന്റ് ഒന്നിന് 53,262/- രൂപ കേന്ദ്ര ധനസഹായവും 39,000/- രൂപ സംസ്ഥാന സഹായവും നൽകി വരുന്നു. |
| (ഡി) സൗരഗൃഹ പ്ലാന്റുകളിൽ നിന്നും ഉല്പാദിപ്പിക്കുന്ന അധിക വൈദ്യുതി | (ഡി) അനെർട്ട് നടപ്പാക്കുന്ന പതിനായിരം സൗരഗൃഹ പദ്ധതിയിൽ ഉത്പാദിപ്പിക്കുന്ന വൈദ്യുതി അതാത് ഗൃഹങ്ങളിൽ തന്നെ |

| | |
|---|---|
| കെ.എസ്.ഇ.ബി വിലയ്ക്കുവാങ്ങുമോ; എങ്കിൽ ഇതിന്റെ വിലയും നടപടിക്രമങ്ങളും വിശദീകരിക്കുമോ? | സംഭരിച്ച് (ബാറ്ററിയിൽ) ഉപയോഗപ്പെടുത്തുകയാണ് ചെയ്യുന്നത്. ഈ വൈദ്യുതി കെ.എസ്.ഇ.ബി ഗ്രിഡിലേക്ക് ബന്ധിപ്പിക്കുന്നില്ല. നടപ്പ് വർഷം കെ.എസ്.ഇ.ബി.യുമായി ചേർന്ന് ശൃംഖലാബന്ധിത സൗരഗൃഹപദ്ധതി അനെർട്ട് ആസൂത്രണം ചെയ്തുവരുന്നു. |

**സെക്ഷൻ ഓഫീസർ**